"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കോട്ടയം ജനറൽ ആശുപത്രിയിൽ കിഫ്ബി മുഖാന്തിരം ബഹുനില കെട്ടിടം പണിയുന്നതിനായി മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1228/2024/H&FWD തീയതി,തിരുവനന്തപുരം, 21-05-2024

---

പരാമർശം:- (1) സ.ഉ (സാധാ)നം.862/2023/ആകുവ തീയതി 11.04.2023

(2) 16.01.2024 ൽ കോട്ടയം ജനറൽ ആശുപത്രി കോൺഫറൻസ് ഹാളിൽ നടന്ന കിഫ്ബി കോർ കമ്മിറ്റി യോഗം

(3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 05.03.2024 തീയതിയിലെ പി.എൽ.ബി 4-4505/2024/ആവഡ നമ്പർ കത്ത്

(4) കോട്ടയം ജില്ലാ കളക്ടറുടെ 03.05.2024 തീയതിയിലെ DCKTM/8622/2020-R7 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം കോട്ടയം ജനറൽ ആശുപത്രിയിൽ കിഫ്ബി മുഖാന്തിരം ബഹുനില കെട്ടിടം പണിയുന്നതിനായി നീക്കം ചെയ്യപ്പെടുന്ന അധിക മണ്ണ് ഇൻകൽ മുഖാന്തിരം നടപ്പിലാക്കുന്ന മറ്റ് കിഫ്ബി പ്രോജക്ടുകളിലേക്ക് മാറ്റുന്നതിന് ഇൻകലിന് അനുമതി നൽകിയിരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരമുള്ള യോഗത്തിന്റെ തീരുമാനപ്രകാരം പുതിയ കെട്ടിടത്തിന്റെ നിർമ്മാണ ആവശ്യങ്ങൾക്കുശേഷം ബാക്കിയുള്ള മണ്ണ് ഏറ്റുമാനൂർ, കോട്ടയം നിയോജക മണ്ഡലങ്ങളിലെ റോഡുകളുടെ വികസനത്തിനായി ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജനറൽ ആശുപത്രിയിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ ആവശ്യങ്ങൾക്കുശേഷം ബാക്കിയുള്ള മണ്ണ് ഏറ്റുമാനൂർ, കോട്ടയം നിയോജക മണ്ഡലങ്ങളിലെ റോഡുകളുടെ വികസനത്തിനായി ഉപയോഗിക്കാൻ അനുമതി നൽകണമെന്ന് പരാമർശം (3),(4) എന്നിവ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ, ജില്ലാ കളക്ടർ എന്നിവർ ആവശ്യപ്പെട്ടിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജനറൽ

ആശുപത്രിയിലെ കിഫ്ബി മുഖാന്തിരം ബഹുനില കെട്ടിടം പണിയുന്നതിനായി നീക്കം ചെയ്യപ്പെടുന്ന അധിക മണ്ണ് ഏറ്റുമാനൂർ, കോട്ടയം നിയോജക മണ്ഡലങ്ങളിലെ റോഡുകളുടെ വികസനത്തിനായി ഉപയോഗിക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ജില്ലാ കളക്ടർ പ്രസ്തുത നടപടി അടിയന്തിരമായി പൂർത്തിയാക്കേണ്ടതും ആയതിനുശേഷം നിർവ്വഹണ ഏജൻസിയായ ഇൻകൽ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ജില്ലാ കളക്ടർ, കോട്ടയം
ആരോഗ്യ വകുപ്പ് ഡയറക്ടർ
മാനേജിംഗ് ഡയറക്ടർ, ഇൻകൽ ലിമിറ്റഡ്
സൂപ്രണ്ട്, ജനറൽ ആശുപത്രി, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/ (എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
പകർപ്പ് - ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പി.എസിന്
ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസിന്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ

ഉത്തരവിൻ പ്രകാരം

Signed by
P. K. Santhosh
സെക്ഷൻ ഓഫീസർ
Date: 22-05-2024 10:22:52